കേരള കൗമുദി 13 November 2021



ആത്മനിർഭർ ഭാരതിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ പൊതു സാമ്പത്തികസ്ഥിതിയെക്കുറിച്ച് സി.എം.എഫ്.ആർ.ഐയിൽ വിവിധ മേഖലകളിലെ പ്രഗത്ഭരുമായി കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ ആശയവിനിമയം നടത്തുന്നു

# സമ്പദ്ഘടനയുടെ തിരിച്ചുവരവിൽ ഇന്ത്യ മുന്നിൽ: കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ

കൊച്ചി: കൊവിഡ് മഹാമാരിയിലൂടെ പ്രതിസന്ധിയിലായ സമ്പദ്ഘടനയുടെ തിരിച്ചുവരവിൽ ഇന്ത്യ മുന്നിലാണെന്ന് കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കേന്ദ്രത്തിന്റെ നയനിലപാടുകളും നൈപുണ്യവികസനവുമാണ് ഇതിന് സഹയമായതെന്ന് അദ്ദേഹം പറഞ്ഞു.

ആത്മനിർഭർ ഭാരതിന്റെ പശ്ചാത്തലത്തിൽഇന്ത്യയുടെപൊതു സാമ്പത്തിക സ്ഥിതിയെക്കുറിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) വിവിധ മേഖലകളിലെ പ്രഗത്ഭരുമായി ആശയവിനിമയം നടത്തുകയായിരുന്നു മന്ത്രി.

മറ്റ്‌രാജ്യങ്ങളിൽനിന്ന്‌വ്യത്യസ്തമായി, സ്വയം പര്യാപ്തതയിലൂന്നിയ വാക്സിൻ ഉദ്പാദനം, ആരോഗ്യരംഗത്തെ പശ്ചാത്തലസൗകര്യം തുടങ്ങിയവക്ക് പ്രാധാന്യം നൽകിയ നയരൂപീകരണങ്ങളാണ് കേന്ദ്രസർക്കാർ മഹാമാരിക്കാലത്ത് കൈക്കൊണ്ടത്.

സമൂഹത്തിലെ താഴേത്തട്ടിലുള്ള ജനങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ട് ഭക്ഷണം, പണം എന്നിവയുടെ വിതരണത്തിൻ പ്രത്യേക പരിഗണന നൽകി. സാമ്പത്തിക പുനരുജ്ജീവന പാക്കേജിൽ ഉൾപ്പെട്ട പല ഘടകങ്ങളും ഈ ലക്ഷ്യത്തോടെയായിരുന്നു.

ദീർഘകാല വളർച്ചാനിരക്ക് ലക്ഷ്യമിട്ട് നടപ്പാക്കിയ സാമ്പത്തിക പരിഷ്കരണങ്ങൾ പ്രതിസന്ധിയിൽ നിന്ന് കരകയറാൻ സമ്പദ്ഘടനക്ക്‌സഹായമായി.

ആത്മനിർഭർ ഭാരത്‌ആശയത്തിന്‌കീഴിൽ വാക്സിൻ, സമ്പദ്ഘടന എന്നിവയ്ക്കൊപ്പം രാജ്യസുരക്ഷയിലും ജനാധ്യിപത്യം ശക്തിപ്പെടുത്തുന്നതിലും ശ്രദ്ധയൂന്നാൻ രാജ്യത്തിന് കഴിഞ്ഞിട്ടുണ്ടെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, എ. ജയകുമാർ എന്നിവർ പ്രസംഗിച്ചു.